**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1012** **10-08-2023 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ ക്രമക്കേടുകളും അഴിമതിയും തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ ക്രമക്കേടുകളും അഴിമതിയും നടക്കുന്നുണ്ടോ; എങ്കിൽ അത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | വനം വകുപ്പിൽ ക്രമക്കേടുകളും അഴിമതിയും നടക്കുന്നതായി വിജിലൻസ് വിഭാഗത്തിൽ ചില പരാതികൾ ലഭിച്ചിട്ടുള്ളതാണ്. ക്രമക്കേടുകളും അഴിമതിയും തടയുന്നതിനായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്ററ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് ) -ന്റെ നേതൃത്വത്തിൽ 2 ഫോറസ്റ്റ് കൺസർവേറ്റർമാരും, 4 അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർമാരും 8 ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും ഉൾപ്പെടുന്ന വനം വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്.<br><br>വനം വിജിലൻസ് വിഭാഗത്തെ രണ്ട് സർക്കിളുകളായും 8 ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷനുകളായും തിരിച്ചിട്ടുണ്ട്. ലഭിക്കുന്ന പരാതികൾ അതാത് ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ പരിശോധിച്ച് കഴമ്പുണ്ടെന്ന് കാണുന്ന പരാതികളിൽ ശിക്ഷ നടപടികൾ ഉൾപ്പെടെയുള്ള തുടർനടപടിക്ക് ശുപാർശ ചെയ്തു വരുന്നു.<br><br>വനം വകപ്പിൽ ക്രമക്കേടും അഴിമതിയും കണ്ടെത്തുന്നതിനും തടയുന്നതിനും വനം വിജിലൻസ് വിഭാഗത്തിന്റെ സർക്കിൾ, ഡിവിഷൻ , റെയിഞ്ച് തലങ്ങളിൽ നിന്നും കൃത്യമായ ഇടവേളകളിൽ ഓഫീസ്, ഫീൽഡ്,മിന്നൽ പരിശോധനകൾ നടത്തിയും വനവുമായി ബന്ധപ്പെട്ട പ്ളാൻറേഷൻ, നഴ്സറി തുടങ്ങിയ പ്രവൃത്തികൾ പരിശോധിച്ചും വരുന്നുണ്ട്<br><br>കൂടാതെ വിജിലൻസ് വിഭാഗത്തിന്റെ ഭാഗമായുള്ള ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം സംസ്ഥാനത്ത് ഉടനീളം മുൻകൂട്ടി കൃത്യമായ വിവരശേഖരണം നടത്തി അഴിമതിയും ക്രമക്കേടും യഥാസമയം കണ്ടെത്തി തടയുന്നതിനും നടപടി സ്വികരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ബിനാമി വാച്ചർമാരുടെയും കരാറുകാരുടെയും പേരിൽ വ്യാജരേഖ ചമച്ച് ദിവസവേതനം കൈപ്പറ്റിയതായി പറയപ്പെടുന്ന സംഭവത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | തെന്മല ഡിവിഷനിൽ ആര്യങ്കാവ് റെയിഞ്ചിൽ നടന്ന ടി സംഭവവുമായി ബന്ധപ്പെട്ട് 09/03/2023 തീയതിയിലെ സ.ഉ (സാധാ) 101/2023/വനം നമ്പർ ഉത്തരവ് പ്രകാരം കുറ്റക്കാരെന്ന് കണ്ടെത്തിയ 18 ജീവനക്കാരെ സസ്പെൻഡ് ചെയുകയും 31/03/2023 ലെ സ.ഉ (സാധാ) 150/2023/വനം നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ പുനർപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉദ്യോഗസ്ഥർക്കെതിരെ 1960-KCS(CC&A) ലെ ചട്ടം 15 പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ